
# ബൈബിൾ ട്രൂത്ത്



# THE BIBLE TRUTH

# നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോൾ,നിങ്ങൾ സ്ഥലം മാറുമ്പോൾ, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിന്റെ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിററർ

# ബൈബിൾ ട്രൂത്ത്

Editors

**P. K. VARGHESE** **J. C. CHOATE**

ooo ooo ooo

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 11** **March 1998** **No. 12**

## എഡിറ്റോറിയൽ

ആഗോളതലത്തിൽ വർദ്ധിച്ചു വരുന്ന പലതുണ്ട്. ഏതൊരാളുടെയും മനസ്സിൽ ആശങ്കയും ഭീതിയും ഉണർത്തുന്നതാണ് അപകടകരമായ പ്രതിസന്ധി. അതു ഏതു രാജ്യത്തിലായാലും വാസ്തവമാണ്. അതിനു ജാതിയോ മതമോ ഭാഷയോ പ്രശ്നമല്ല. സംസ്കാരത്തിലും വിദ്യാഭ്യാസത്തിലും ഉയർന്നാൽ പോലും ഇതിൽ വലിയ മാറ്റം ഉണ്ടാകുന്നില്ല. ലോകത്ത് ഇടക്കിടക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന സംഭവങ്ങൾ ചിന്തിക്കാൻ കഴിയുന്നവർക്ക് ചില കാര്യങ്ങൾ ഗ്രഹിക്കാൻ പറ്റും. ലോക രാജ്യങ്ങൾ തമ്മിൽ ഭീഷണി മുഴക്കുന്നത് ഏതെങ്കിലും ഒരു രാജ്യം സമ്മർദ്ദത്തിനു വഴങ്ങാതെ വരുമ്പോഴാണ്. ഏതെങ്കിലും കാര്യം ഒരാളെക്കൊണ്ട് അടിച്ചേല്പിച്ച് ചെയ്യിക്കുന്നതു നിയമവിരുദ്ധമാണ്. അതിനു ശരിയായ ഫലം കിട്ടുകയില്ല. സ്വതന്ത്രമായി ചിന്തിച്ച് ചെയ്യാൻ കഴിവില്ലാത്ത കുട്ടികളുടെ കാര്യത്തിൽ മാതാപിതാക്കൾ നിർബന്ധിച്ച് ഓരോന്നു ചെയ്യിക്കുന്നുണ്ട്. പക്ഷെ അവർ പ്രായപൂർത്തിയെത്തിക്കഴിഞ്ഞാൽ പിന്നെ അവരെ നിർബന്ധിക്കുന്നതു പ്രശ്നമുണ്ടാക്കും. വ്യക്തി ബന്ധങ്ങൾക്കു ഉലച്ചിൽ തട്ടുന്നതു അങ്ങനെയാണ്.

യുദ്ധവും യുദ്ധ ശ്രുതികളും ആ രാജ്യങ്ങളുമായി ബന്ധപ്പെട്ടു കഴിയുന്ന എല്ലാവരുടെ മനസ്സിലും ആധിയാണ്. ഇനി എന്താണ് സംഭവിക്കാനിരിക്കുന്നത്? മനു

ഷ്യന്റെ ജീവനും സ്വത്തിനും സുരക്ഷിതത്വമില്ലല്ലോ എന്നു കരുതുന്നവർ ഉണ്ട്. യുദ്ധം നീണ്ടു നിന്നാൽ നാട്ടിൽ ക്ഷാമം ഉണ്ടാകാൻ സാദ്ധ്യതയുള്ളതുകൊണ്ട് ഭയപ്പെടുന്നവരുണ്ട്, വ്യാപാരികളാണെങ്കിൽ ചിലർ അതു മുതലാക്കാൻ ശ്രമിച്ച് അന്യായ വില സാധാരണക്കാരിൽ നിന്നു വാങ്ങുവാൻ ശ്രമിക്കും. അപ്പോൾ ഒരു ആക്രമണം ഉണ്ടായാൽ അതിന്റെ പ്രത്യാഘാതവും അനന്തര ഫലവും വളരെ വലുതാണ്. ഏതൊരാളുടെ ജീവിതത്തെയും അതു സാരമായി ബാധിക്കും. ഇവയെക്കുറിച്ച് ഒന്നും ഗൗരവമായി ചിന്തിക്കാതെയാണ് രാജ്യങ്ങൾ യുദ്ധത്തിനു പുറപ്പെടുന്നതു. ജനപ്പെരുപ്പം വർദ്ധിച്ചു തുടങ്ങിയ നാൾ മുതൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒന്നാണ് യുദ്ധം. ഇതിനിടയിൽ സമാധാനത്തിനുവേണ്ടിയുള്ള ചില സംഘടനകൾ രൂപം കൊണ്ടു. പക്ഷെ അവയ്ക്കെല്ലാം ചെയ്യാൻ കഴിയുന്നതിനു പരിധിയുണ്ട്. ആ പരിധിക്കുള്ളിൽ നിന്നുകൊണ്ടു അവർ പ്രവർത്തിക്കുന്നു എന്നു മാത്രം.

രണ്ടു വിധത്തിൽ ലോകത്തിലുള്ളവർ ഇതിൽ നിന്നു മോചനത്തിനായി വളരെ പരിശ്രമിക്കുന്നു. ഒന്നാമതായി ഇത്തരം പ്രതിസന്ധികൾ ഒഴിവാക്കുക. ആരും ആരെയും സമ്മർദ്ദം ചെലുത്താതിരിക്കുക. ഇനി ഉണ്ടായാൽ പോലും അതു സമാധാനപൂർവ്വം പരിഹരിക്കുക എന്നതാണ്. എന്നാൽ തിരുവെഴുത്തിൽ ഇതിന് ഒരേ ഒരു മാർഗ്ഗവും പ്രതിവിധിയുമാണ് പറഞ്ഞിട്ടുള്ളത്. ലോകാവസാനത്തിൽ ഇവയൊക്കെ ഉണ്ടാകും എന്നു കർത്താവു മുന്നരുളിച്ചെയ്തിട്ടുണ്ട്. അതുകൊണ്ട് അതൊഴിവാക്കാൻ സാദ്ധ്യമല്ല. പക്ഷെ നാം ഒരുങ്ങിയിരിക്കുക. ജീവനോടിരിക്കുന്ന മനുഷ്യർക്കാണല്ലൊ യുദ്ധ ഭീഷണിയുണ്ടാകുന്നത്. ദൈവ കല്പനകൾ അനുസരിച്ച് ജീവിക്കുന്ന ഒരാൾക്ക് മരണ ശേഷം പ്രത്യാശയുണ്ട്. ദൈവ കല്പനകൾ അനുസരിക്കുവാൻ എല്ലാവരും തയ്യാറായാൽ ഒരു രാജ്യത്തിലും പോരാട്ടം ഉണ്ടാകുന്നില്ല.

★

# ഒന്നും മാറിയിട്ടില്ല

J.C. ചോട്ട്

അടുത്ത കാലത്ത് ഏററവും അധികം സംസാരിക്കപ്പെട്ട വിഷയമാണ് മാററം എന്നത്. രാഷ്ട്രീയത്തിൽ, ആശയ വിനിമയത്തിൽ എന്നു വേണ്ട ജീവിതത്തിലെ എല്ലാ വശങ്ങളിലും. മതപരമായ കാര്യങ്ങളിൽ പോലും മാററം ഉണ്ടാകണം എന്നു പറഞ്ഞു കേൾക്കാറുണ്ട്. എന്നാൽ അവർ ദൈവത്തോടും അവൻെറ ഇഷ്ടത്തോടും ഉള്ള ബന്ധത്തിൽ മാറുവാൻ ആഗ്രഹിക്കുന്നില്ല; മാറുവാൻ തയ്യാറാകുന്നുമില്ല. അടിസ്ഥാനപരമായ കാര്യങ്ങളെ സംബന്ധിച്ചാണെങ്കിൽ അവ എല്ലായ്പ്പോഴും അങ്ങനെ തന്നെ നിലകൊള്ളുന്നു എന്നതു നമുക്ക് പണിയപ്പെടുവാൻ ഭാവിക്കു വേണ്ടതായ ഒരു പ്രത്യാശയും ധൈര്യവും നല്കുന്നുണ്ട്. അടിസ്ഥാനം ഉറപ്പില്ലാത്തതാണെങ്കിൽ കെട്ടിടത്തിനു ഭീഷണിയാണ്. ഇതു സാർവ്വത്രികമായ ഒരു സത്യമാണ്. ആത്മികമായി നമ്മെ നിലനിർത്തുന്ന ഉറപ്പുള്ള അടിസ്ഥാനം ഇളകാത്തതാണ്. എല്ലാവർക്കും ആ പരിജ്ഞാനമില്ല. സുസ്ഥിരത മനുഷ്യ ജീവിതത്തിൽ ഏപ്രകാരമായിരിക്കണമെന്നു ദൈവം രേഖപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം നാം ജീവിച്ചാൽ ഒരു ശക്തിക്കും നമ്മെ ഇളക്കുവാൻ പററുകയില്ല.

ദൈവം ഒന്നേയുള്ളു. ഏക സത്യ ദൈവമാണ് നമ്മുടെ സൃഷ്ടി കർത്താവ്. നമ്മെ മാത്രമല്ല ഈ കാണുന്നതെല്ലാം ഉണ്ടാക്കിയത് ദൈവമാണ്. എല്ലാം നമുക്കു തരുന്നതും ദൈവമാണ്. നാം ജീവനുള്ളവരായി തീരേണ്ടതിനു തൻെറ ആത്മാവിനെ നമ്മിൽ തരികയും ചെയ്തു. ദൈവം ഇപ്പോഴും സർവ്വശക്തനാണ്; സർവ്വജ്ഞാനിയുമാണ്. ജീവൻ നിലനിർത്തി തരുന്നതും ദൈവമാണ്. അവനെ കൂടാതെ നമുക്കു ജീവിക്കാൻ പ്രയാസമാണ്. അങ്ങനെയുള്ള ദൈവത്തിൻെറ കല്പനകൾ അനുസരിക്കാ

തെ എങ്ങനെ അവനെ തള്ളിക്കളയാൻ കഴിയും? അവന്റെ വചനത്തെ നിഷേധിച്ചാൽ നാം ദൈവത്തെ നിഷേധിക്കുന്നതിന്നു തുല്യമാണ്. ശാരീരിക ജീവിതത്തിൽ നമ്മുടെ കടമ തിരിച്ചറിഞ്ഞ് പ്രവർത്തിക്കേണ്ടവരാണ് നാം. പിതാവിനെ അനുസരിക്കേണ്ടത് മക്കളുടെ കടമയാണ്. ആ ഒരു ബോധം എല്ലാവരിലും ഇല്ല എന്നതു ദുഃഖകരമായ വസ്തുതയാണ്.

ഇപ്പോഴും നമുക്ക് ഒരേ ഒരു കർത്താവാണുള്ളതു. അവനാലത്രെ സകലതും ഉളവായതു. അവനെ കൂടാതെ യാതൊന്നും ഉണ്ടായിട്ടില്ല. അവന്റെ ജനനം കന്യകാ മറിയാമിൽ കൂടെയായിരുന്നു. ദൈവ പുത്രനായി, മനുഷ്യ പുത്രനായി ജീവിച്ചു. അവൻ നമുക്കു വേണ്ടി മരണം വരിച്ചു. മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേററു നമ്മുടെ കർത്താവും രക്ഷിതാവുമായി തീർന്നു. ഇന്നു പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തിരുന്നു ആത്മാക്കളെ വാഴുകയാണ്. വീണ്ടും വരുമെന്ന് വാഗ്ദാനം ചെയ്തിട്ടാണ് പോയത്. തന്റെ വരവിൽ എല്ലാവരേയും തന്റെ വചന പ്രകാരം ന്യായം വിധിക്കയും വിശ്വസ്തരായി ജീവിച്ചവരെ അവൻ സ്വർഗ്ഗത്തിലേക്ക് എടുക്കുകയും ചെയ്യും. ഇതെങ്ങനെ നമുക്കു സഹായകരമായി തീരും? നാം അവനിൽ വിശ്വാസം അർപ്പിക്കണം. അവൻ ദൈവ പുത്രനാണെന്നു മനുഷ്യരുടെ മുൻപാകെ ഏററു പറയണം. തെററുകൾ തിരുത്തി അവനെ അനുസരിക്കണം; അവന്റെ നാമം ധരിക്കയും വേണം. തുടർന്നു ആയുഷ്കാലം മുഴുവൻ വിശ്വസ്തതയോടെ അവന്റെ ഹിതപ്രകാരം അവനെ സേവിക്കയും വേണം. ഈ ഭൂമിയിലെ നമ്മുടെ ജീവിതത്തിനു അർത്ഥമുണ്ടാകണമെങ്കിൽ ഇതു അത്യാവശ്യമാണ്.

പരിശുദ്ധാത്മാവ് ഇന്നും പരിശുദ്ധാത്മാവ് തന്നെയാണ്. ദൈവികത്വത്തിലെ മൂന്നാമത്തെ വ്യക്തിത്വ

മാണ് അവൻ. ദൈവ വചനം നല്കപ്പെട്ടതു ആത്മാവി നാലാണ്. പ്രവാചകന്മാരിലും അപ്പൊസ്തലന്മാരിലും ആത്മാവ് പ്രവർത്തിച്ചിരുന്നു. കർത്താവിൻെറ വചനം സത്യമാണ്. അതു അങ്ങനെ തന്നെ ലോകത്തിനു നല്കുവാൻ പരിശുദ്ധാത്മാവിൻെറ സഹായം അവർക്ക് ആവശ്യമായിരുന്നു. ദൈവത്തിൻെറ ആത്മാവ് തന്നെ അനുസരിക്കുന്നവർക്കു നല്കുമെന്ന് ദൈവം വാഗ്ദാനം ചെയ്തിട്ടുണ്ട് (പ്രവൃത്തി 5:32). സുവിശേഷം അനുസരിക്കാതെ പരിശുദ്ധാത്മാവ് കിട്ടുവാൻ പ്രാർത്ഥിച്ചാൽ അത് ലഭിക്കുകയില്ല. അതിനു വേണ്ടി എത്ര കാത്തിരുന്നാലും ഫലമില്ല. ദൈവം ഒരു നിബന്ധന ഒരു കാര്യത്തിൽ വെച്ചാൽ അത് നാം നിറവേററുക തന്നെ വേണം. എങ്കിലേ അതിൻെറ ഫലം അനുഭവിക്കാൻ കഴിയൂ.

ദൈവശ്വാസീയമായി എഴുതപ്പെട്ട വചനം ഇന്നും ദൈവത്തിൻെറ വചനം തന്നെയാണ്. ബൈബിളിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾ എല്ലാം സത്യവുമാണ്. മനുഷ്യൻെറ സകല സൽപ്രവൃത്തിക്കും ജീവനും ഭക്തിക്കും വേണ്ടുന്നതൊക്കെയും അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആകാശവും ഭൂമിയും ഒഴിഞ്ഞു പോകും എന്നാൽ ദൈവത്തിൻെറ വചനം എന്നേക്കും നിലനില്ക്കും. ഈ വചനത്തെ ആർക്കും ഇല്ലാതാക്കാൻ പററുകയില്ല. അതിനോടു കൂട്ടാനോ കുറക്കാനോ മനുഷ്യർക്ക് ആർക്കും അധികാരമില്ല. തിരുവെഴുത്തുകൾ അനുസരിച്ചാണ് അന്ത്യനാളിലെ വിധി. ബഹുമാനത്തോടെ വചനം വായിച്ച് ഗ്രഹിച്ച് അനുസരിക്കണം. ദൈവത്തിൻെറ ജ്ഞാനമായി വേണം നാം അതിനെ വിശ്വസിക്കുവാൻ പൂർണ്ണ ഹൃദയത്തോടെ സത്യത്തെ സ്നേഹിച്ച് നാം അനുസരിക്കണം. വചനത്തെ തള്ളികളയുന്നവൻ ദൈവത്തെ തള്ളികളയുകയാണ് ചെയ്യുന്നത്.

അന്നു ദൈവം നല്കിയ അതേ സുവിശേഷം തന്നെയാണ് ബൈബിളിൽ ഉള്ളത്. അത് യേശുവിൻെറ മര

ണം, അടക്കം, ഉയിർപ്പ് എന്നിവയോടു ബന്ധപ്പെട്ടതാണ്. വാസ്തവത്തിൽ സുവിശേഷം എന്നാൽ അതു തന്നെയാണ്. നാം വിശ്വസിക്കേണ്ട വസ്തുതകൾ ഉണ്ട്; അനുസരിക്കേണ്ട കല്പനകൾ ഉണ്ട്. നാം സ്വീകരിക്കേണ്ട വാഗ്ദാനങ്ങളുമുണ്ട്. വിശ്വസിക്കുന്ന ഏവർക്കും രക്ഷക്കുള്ള സന്ദേശമാണ് സുവിശേഷം. നമ്മുടെ രക്ഷ എന്നതു നല്ലൊരു വിശേഷമാണ്. ക്രിസ്തുവാണ് അതിനു വേണ്ടി പ്രവർത്തിച്ചത്.

ഇന്നും ദൈവത്താൽ അംഗീകരിക്കപ്പെടുന്ന സഭ ഒന്നു മാത്രമാണ്. ക്രിസ്തുവിൻെറ സ്ഭയാണത്. അതിനെ കണ്ടെത്തിയ നിർമ്മാതാവാണ് യേശുക്രിസ്തു. ആത്മിയമായ ദൈവത്തിൻെറ ഭവനമാണ് സഭ. അവൻ സഭയുടെ തലയും രക്ഷിതാവുമാണ്. ക്രിസ്തു രണ്ടാമതു വരുമ്പോൾ എടുത്തു സ്വർഗ്ഗത്തിലേക്കു കൊണ്ടു പോകുന്നതു ആ സഭ മാത്രമാണ്. കർത്താവിൻെറ ജീവനും രക്തവും കൊടുത്തു സമ്പാദിച്ച ആ സഭയിൽ അംഗമായി തീരമെന്നിരിക്കെ എന്തുകൊണ്ടാണ് ആളുകൾ മനുഷ്യ നിർമ്മിതമായ സഭകളിൽ അംഗമായിരിക്കുന്നത് എന്നു എനിക്കു മനസിലാകുന്നില്ല. കർത്താവിൻെറ സഭയെ താരതമ്മ്യം ചെയ്യാവുന്ന മറെറാരു സംഘടനയോ, സമുദായമോ സഭയോ ലോകത്തിൽ ഇല്ല. ക്രിസ തുവിൻെറ സഭ മാത്രം എന്നേക്കും നിലനില്ക്കും.

ക്രിസ്തുവിൻെറ നാമം ഇപ്പോഴും എല്ലാ നാമത്തിലും മേലായ നാമം തന്നെയാണ്. ആ നാമത്തിലാണ് രക്ഷയുള്ളത്. ആ നാമത്തിലാണ് നാം സ്നാനമേല്ക്കുന്നത്. ആ നാമമാണ് നാം ധരിച്ചിരിക്കുന്നത്. നാം ക്രിസ്തുവിനെ അനുഗമിക്കുന്നതു കൊണ്ടു ക്രിസ്ത്യാനികൾ എന്നറിയപ്പെടുന്നു. രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ വേറൊരു നാമവുമില്ല.

സത്യത്തിലും ആത്മാവിലും ദൈവത്തെ ആരാധിക്കണം എന്നതു ഇപ്പോഴും സത്യമാണ്. ആഴ്ച്ചവട്ടത്തിൻെറ ഒന്നാം നാളിലാണ് അവനെ നമസ്ക്കരിക്കേണ്ടത്. നാം

മനുഷ്യരെയല്ല, ദൈവത്തെയാണ് പ്രസാദിപ്പിക്കുന്നത്. ഹൃദയത്തിൽ പാട്ടു പാടി നാം ദൈവത്തിനു ഇന്നും പുകഴ്ച്ച കൊടുക്കണം. പ്രാർത്ഥിക്കയും ദൈവ വചനം പഠിക്കയും ചെയ്യണം. അതുപോലെ കർത്താവിന്റെ മേശയിൽ നിന്നും നാം പങ്കിടണം; കഴിവുള്ളതു ഓരോരുത്തൻ ചരതിച്ചുകൊണ്ടു വരികയും ചെയ്യണം. തിരുവെഴുത്തിൽ ഇവയെല്ലാം വിവരിച്ചു പറഞ്ഞിട്ടുള്ളതു കൊണ്ടു മനുഷ്യരുടെ അഭിപ്രായം നാം സ്വീകരിക്കേണ്ടതില്ല.

മനുഷ്യൻ ഇന്നും മരിക്കുന്നുണ്ട്. ന്യായവിധിക്കു ശേഷം ഒന്നുകിൽ നിത്യജീവൻ അല്ലെങ്കിൽ നിത്യനാശം. ഈ യഥാർത്ഥമായ സ്ഥലങ്ങളിൽ പ്രവേശിക്കുന്നതിൽ നിന്നു ഒഴിഞ്ഞു മാറാൻ സാദ്ധ്യമല്ല. പാപം ഇന്നും പാപം തന്നെയാണ്. ദൈവേഷ്ടം ചെയ്യുന്നതിൽ പരാജയമടയുക എന്നതാണ് അത്. മനുഷ്യൻ തന്റെ പാപം തുടർന്നാൽ മരണമാണു അനന്തര ഫലം. മാനസാന്തരപ്പെട്ടു ദൈവത്തെ അനുസരിച്ചാൽ ദൈവം ക്ഷമിക്കും.

പുരുഷനും സ്ത്രീയും ഇന്നും അങ്ങനെ തന്നെയാണ്. അവരിൽ രണ്ടു പേരിലും രക്ഷ പ്രാപിക്കേണ്ട ആത്മാവുണ്ട്. സഭയിൽ അവർക്കു രണ്ടുപേർക്കും നിർവ്വഹിക്കേണ്ട കർത്തവ്യങ്ങളുണ്ട്. പുരുഷനു സ്ത്രീയാകാനോ സ്ത്രീക്ക് പുരുഷനാകാനോ കഴിയുകയില്ല. വിവാഹത്തിനു ശേഷം പുരുഷൻ ഭർത്താവും പിതാവുമായി തീരുന്നു. സ്ത്രീ, ഭാര്യയും അമ്മയുമായി തീരുന്നു. സഭയിൽ പുരുഷന്മാർ നേതൃത്വം കൊടുക്കുന്നു. യോഗ്യതയുള്ളവരെയാണ് മൂപ്പന്മാരും ശുശ്രൂഷകന്മാരുമാക്കി നിയമിക്കുന്നത്. സ്ത്രീകളെ ഒരിക്കലും അദ്ധ്യക്ഷന്മാരാക്കി നിയമിക്കാൻ പററുകയില്ല. അവർക്ക് ഏക ഭാര്യയുടെ ഭർത്താവാകാൻ സാദ്ധ്യമല്ല.

★

# മൂഢൻ

E.K. കൊച്ചുകുഞ്ഞ്, തേപ്പുപാറ

മൂഢനുരയ്ക്കുന്നു ദൈവമില്ലായെന്ന്,
മാനസം നോക്കിയാൽ കാണുമേകൂട്ടരെ,
നന്മചെയ്യുന്നോരാരോരുമില്ലെന്ന്,
വേദമുരയ്ക്കുന്നു സങ്കടം മാമകം.

ദൈവത്തിൻ കണ്ണുകൾ ഭൂമിയിൽ ദർശനം
നന്നായ്നടക്കുന്നു നന്നായറിഞ്ഞുകൊൾ
പിന്മാകകൂട്ടരാൽ ഭൂമി തകരുന്നു,
നന്മചെയ്യുവാനാരോരുമില്ലഹോ.

ചെയ്യും പ്രവർത്തികൾ നീതിയല്ലായെന്ന്,
ജീവിതവഞ്ചിയെ കണ്ടാലറിയുമേ.
പ്രാർത്ഥനയില്ലെങ്കിൽ ഒന്നും നടക്കില്ല,
വൻഭയത്താലവർ വീണു പോയിടുമേ.

ശത്രുഗണത്തെ തകർത്തുകളയുവാൻ,
തൻകരത്തണ്ടിനാൽ കാത്തുകൊണ്ടിടുമേ.
സീയോനിൽ നിന്നുവരുന്നുണ്ട് രക്ഷയെ,
ഇസ്രായേലെന്നൊരു കൂട്ടർക്കതാണഹോ.

തന്റെ ജനത്തിന്റെ കഷ്ടത മാറുമ്പോൾ
സന്തോഷമുള്ളതു യാക്കോബു ചൊല്ലുമേ,
ഇസ്രായേലും പിന്നെ കൂടെവസിക്കുമേ.

★

# സത്യവചനത്തെ ശരിയായി പ്രസംഗിക്കുക

## ഗ്യാരി. സി. ഹാമ്ടൺ

**അ**പ്പൊസ്തലനായ പൌലൊസ് യുവാവായിരുന്ന തിമൊഥെയോസിനോട് ആജ്ഞാപിക്കുന്നത്: സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ടു ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിനു കൊള്ളാകുന്നവനായി നില്പാൻ ശ്രമിക്ക (2 തിമൊഥെയോസ് 2:15). നാം ദൈവ വചനം പഠിക്കേണ്ടതിന്റെ ആവശ്യകതയെയാണ് ഈ വാക്യം സൂചിപ്പിക്കുന്നത്. വായനയിലൂടെ ദൈവേഷ്ടം എന്തെന്നു തിരിച്ചറിയുന്നു. അങ്ങനെ ഒരാം ദൈവഹിതം അനുസരിക്കുന്നതിനു തയ്യാറാകുന്നു. ദൈവത്താലുള്ള അംഗീകാരമാണ് നമുക്ക് പ്രധാനം. ശരിയായി വചനത്തെ കൈകാര്യം ചെയ്യുന്ന ആത്മാർത്ഥതയുള്ളവരുണ്ട്. എന്നാൽ വചനത്തെ തങ്ങളുടെ ഇഷ്ട പ്രകാരം കോട്ടികളയുന്നവരുമുണ്ട്. വചനത്തെ അശ്രദ്ധമായി നാം കൈകാര്യം ചെയ്യാവുന്നതല്ല. വളരെ ഭയ ഭക്തിയോടെ ശ്രദ്ധിച്ച് മനസിരുത്തി വായിച്ച് ഗ്രഹിച്ചാൽ അതിൽ പറഞ്ഞിരിക്കുന്ന ദൈവേഷ്ടം നമുക്ക് ഗ്രഹിക്കാം. അങ്ങനെ യഥാർത്ഥമായി പ്രസംഗിക്കാനും ദൈവ സന്നിധിയിൽ അത് സ്വീകാര്യമായി തീരുവാനും ഇടയാകും.

### ലോകത്തെ രൂപപ്പെടുത്തുന്നതിനു മുൻപ്

ദൈവം, തന്റെ സൃഷ്ടി നടത്തുന്നതിനു മുൻപ് തന്നെ സൃഷ്ടിതത്തിനു പദ്ധതി തയ്യാറാക്കി. പാപം ചെയ്യാനും ചെയ്യാതിരിക്കാനുമുള്ള സ്വതന്ത്ര ചിന്താഗതിയോടുകൂടിയാണ് മനുഷ്യരെ അവൻ സൃഷ്ടിച്ചത്. അപ്പോഠം ലോകത്തെ രൂപപ്പെടുത്തുന്നതിനു മുൻപു തന്നെ ദൈവത്തിന് അറിയാമായിരുന്നു മനുഷ്യർ ദൈവത്തിൽ നിന്നു അക

ന്നു പോകുമെന്ന്. അതിനാൽ മനുഷ്യരുടെ വീണ്ടെടുപ്പിനായി മറെറാരു പദ്ധതിയും അവൻ ഒരുക്കിയിരുന്നു. വീണ്ടെടുപ്പിന്റെ വിലയെ കുറിച്ച് പത്രോസ് തന്റെ ലേഖനത്തിൽ വിവരിക്കുന്നുണ്ട്. "വ്യർത്ഥവും പിതൃ പാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നതു പൊന്നു, വെള്ളി മുതലായ അഴിഞ്ഞു പോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ. അവൻ ലോകസ്ഥാപനത്തിനു മുമ്പെ അറിയപ്പെട്ടവനും അവൻ മുഖാന്തരം ദൈവത്തിൽ വിശ്വസിക്കുന്ന നിങ്ങൾ നിമിത്തം ഈ അന്ത്യകാലത്തു വെളിപ്പെട്ടവനും ആകുന്നു (1 പത്രോസ് 1:18-20). പൌലൊസ് പത്രോസിനോടു കൂടെ യോജിക്കുന്നു. അവനെ അയച്ചതു സകല മനുഷ്യരും അവനാൽ രക്ഷിക്കപ്പെടേണ്ടതിനായിരുന്നു. പക്ഷെ കാല സമ്പൂർണ്ണതയാകുന്നതുവരെ അവനെ അയച്ചില്ല.

സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ. നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിനു അവൻ ലോകസ്ഥാപനത്തിനു മുമ്പെ നമ്മെ അവനിൽ തിരഞ്ഞെടുക്കയും തിരുഹിതത്തിന്റെ പ്രസാദ പ്രകാരം യേശുക്രിസ്തു മുഖാന്തരം നമ്മെ ദത്തെടുക്കേണ്ടതിനു അവൻ പ്രിയനായവനിൽ നമുക്കു സൗജന്യമായി നല്കിയ തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ച്ചക്കായി സ്നേഹത്തിൽ നമ്മെ മുന്നിയമിക്കയും ചെയ്തുവല്ലൊ. അതു സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളതു എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായിച്ചേർക്ക എന്നിങ്ങനെ കാല സമ്പൂർണ്ണതയിലെ വ്യവസ്ഥക്കായിക്കൊണ്ടു തന്നെ (എഫെസ്യർ 1:3-6,10).

## സൃഷ്ടിയും വീഴ്ച്ചയും

നിലത്തെ പൊടിയിൽ നിന്നാണ് മനുഷ്യനെ ദൈവം മെനഞ്ഞതു. ദൈവത്തിൻെറ സ്വരൂപത്തിലാണ് അവനെ സൃഷ്ടിച്ചത്. ഒരു പ്രത്യേക തോട്ടം ഉണ്ടാക്കിയശേഷം അതിനെ കാത്തു സൂക്ഷിക്കുന്നതിനായി മനുഷ്യനെ തോട്ടത്തിൽ ആക്കി (ഉല്പത്തി 1:26;2:7-15). പുരുഷനു തക്ക തുണയായി സ്ത്രീയെയും ദൈവം രൂപപ്പെടുത്തി. അവരുടെ ജീവിതസൗഭാഗ്യം സ്വയം തീരുമാനിച്ച് ഉറപ്പാക്കുന്നതിനു ഒരേ ഒരു നിയമവും ദൈവം അവർക്ക് കൊടുത്തു. നന്മ തിന്മകളെ കുറിച്ചുള്ള അറിവിൻെറ വൃക്ഷത്തിൻ ഫലം അവർ പറിച്ചു തിന്നരുതായിരുന്നു (ഉല്പത്തി 2:16-17). ആ തോട്ടത്തിൽ അവർക്കു ആവശ്യമുള്ള എല്ലാം നല്കിയിരുന്നു.

ദൈവം കല്പിച്ചതിനോടു ഒരു വാക്കു കൂട്ടിച്ചേർത്തു കള്ളം പറഞ്ഞ് അവരിൽ ആദ്യമായി, പിശാച് അവരിൽ സംശയത്തിൻെറ വിത്തു പാകി (ഉല്പത്തി 3:4; യോഹന്നാൻ 8:44). ഭാഗികമായ സത്യത്തോടു ഭാഗികമായ ഭോഷ്ക്കു കലർത്തി പാപത്തിനു ആകർഷണീയത വരുത്തുകയാണ് സാത്താൻ ചെയ്യുന്നത് (ഉല്പത്തി 3:5,7,22). അതു തിന്മാൻ നല്ലതു എന്നു പറഞ്ഞു. ഹവ്വയുടെ ജഡിക ആഗ്രഹത്തെ ഉണർത്തി. അവരം അതിനെ നോക്കിയപ്പോരം മനോഹരമായി അവരംക്കു തോന്നി. അതു ജ്ഞാനം പ്രാപിപ്പാൻ കാമ്യമെന്ന ചിന്ത, പിശാച് അവളിൽ ഉണർത്തി (ഉല്പത്തി 3:6; 1 യോഹന്നാൻ 2:15-17). ഫലം തികച്ചും ശോചനീയമായി തീർന്നു. മനുഷ്യർ ആ ചതിയിൽ വീണുപോയി. ഇങ്ങനെ ചെയ്ത സാത്താനോട് ദൈവം സംസാരിക്കുമ്പോരം, ലോകത്തിലേക്കു യേശുവിനെ അയക്കുമെന്ന ദൈവിക പദ്ധതി വെളിപ്പെടുത്തുന്നുണ്ട്. ''ഞാൻ നിനക്കും സ്ത്രീക്കും നിൻെറ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിൻെറ തല തകർക്കും. നീ അവൻെറ കുതികാൽ ത്

കർക്കും (ഉല്പത്തി 3:15). യേശുവിന്റെ മരണത്തോടടുത്ത സമയം അവന്റെ കുതികാൽ തകർക്കപ്പെടുന്ന വിധം അവൻ വേദനപ്പെട്ടു. പക്ഷെ മരണശേഷം അവൻ ഉയിർത്തെഴുന്നേററു വന്നപ്പോൾ പിശാചിന്റെ തല തകർന്നു പോയി. മരണത്തിനുള്ള ശിക്ഷ ഇല്ലാതായി.

മനുഷ്യർ ഏദെൻ തോട്ടത്തിൽ ആയിരുന്നപ്പോൾ ദൈവത്തോടുള്ള അടുത്ത ബന്ധം ശരിയായി ആസ്വദിച്ചിരുന്നു (ഉല്പത്തി 3:8). എന്നാൽ അവനിൽ കടന്നു വന്ന പാപം വരുത്തിവെച്ചതെന്താണെന്ന് യെശയ്യാ പ്രവാചകൻ പറയുന്നുണ്ട്. രക്ഷിപ്പാൻ കഴിയാതവണ്ണം യഹോവയുടെ കൈ കുറുകീട്ടില്ല. കേൾപ്പാൻ കഴിയാതവണ്ണം അവന്റെ ചെവി മന്ദമായിട്ടുമില്ല. നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളേയും നിങ്ങളുടെ ദൈവത്തേയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നതു. നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്കു മറെക്കുമാറാക്കിയത് (യെശയ്യാവ് 59:1-2). ദൈവത്തോടുള്ള തന്റെ ബന്ധത്തെ പുനരേകീകരിക്കാൻ പിതാക്കന്മാരുടെ കാലം മുതൽ ദൈവം കുടുംബത്തലവൻമാരിലൂടെ സംസാരിച്ചു വന്നു. നഷ്ടപ്പെട്ട കൂട്ടായ്മ യഥാസ്ഥാനപ്പെടുത്തുവാനുള്ള വഴിയാണ് ദൈവം ഒരുക്കിയത്.

## ദൈവം പിതാക്കൻമാരോടു സംസാരിച്ചപ്പോൾ .

മനുഷ്യൻ പാപം ചെയ്തപ്പോൾ ദൈവത്തിനു തന്റെ പദ്ധതി നടപ്പിൽ വരുത്തേണ്ടി വന്നു. ആദ്യ പടിയായിട്ടാണ് നാം പിതാക്കന്മാരുടെ കാലത്തെ കാണുന്നത്. ദൈവ നിർദ്ദേശ പ്രകാരം കുടുംബത്തലവൻ കുടുംബാംഗങ്ങളെ നയിക്കണമായിരുന്നു. ഉദാഹരണമായി ദൈവം നോഹയോട് ഗോഫർ തടികൊണ്ടു ഒരു പെട്ടകം ഉണ്ടാക്കുവാൻ കല്പിച്ചു (ഉല്പത്തി 6:12-14). മററു കുടുംബങ്ങൾ എല്ലാം നശിച്ചുപോയത് അവരുടെ അനുസരണക്കേടു നിമിത്തമായിരുന്നു.

★

# നിങ്ങളുടെ ഭക്തിയെ പരിശോധിക്കുക

### ഫ്രാൻസിസ് ഡേവിഡ്

മത ഭക്തിയും മതത്തോടുള്ള ഭക്തിയും ഏറിയിരിക്കുന്ന ഈ കാലയളവിൽ മതപരമായ കാര്യങ്ങൾ ബുദ്ധിപൂർവ്വം ചെയ്യണം. ചെയ്യുന്നതു ശരിയോ തെറ്റോ എന്നു വിലയിരുത്തേണ്ടതാണ്. ഏതു കാര്യത്തിലും ഇതു വാസ്തവമാണ്. പുതിയ നിയമത്തിൽ യാക്കോബിന്റെ ലേഖനം ചെറുതാണെങ്കിലും അതിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആത്മീയ മൂല്യം നമ്മുടെ ദൈനന്തിന ജീവിതത്തെ ബാധിക്കത്തക്ക രീതിയിലാണ്. ധാരാളം സന്ദേശങ്ങൾ നമ്മുടെ ജീവിതത്തിനായി തന്നിരിക്കുന്നു. ഓരോ ദിവസവും നാം മതപരമായി എങ്ങനെ ജീവിക്കണമെന്ന് ഈ പുസ്തകം വായിച്ചാൽ മനസിലാകും. നാം പലപ്പോഴും നമ്മുടെ മതത്തെ കുറിച്ച് പ്രശംസിക്കാറുണ്ട്. പക്ഷെ നാം അത് വാസ്തവത്തിൽ നമ്മുടെ ജീവിതത്തിൽ പരിശീലിക്കാറുണ്ടോ? മതപരമായ കാര്യങ്ങൾ അനുസരിച്ച് ദിവസവും ജീവിക്കുന്നില്ലെങ്കിൽ പ്രയോജനമില്ല. വ്യക്തി ജീവിതത്തിൽ ഉണ്ടാകേണ്ട ഒന്നാണ് ഇത്. സ്വന്തം ജീവിതത്തിൽ ഇല്ലാത്ത ഒന്നിനെ കുറിച്ച് നമുക്ക് പറയാൻ എന്തവകാശം? ഇവിടെയാണ് ഒരു പുനർചിന്തയുടെ ആവശ്യം ഉദിക്കുന്നത്.

ഭക്തിയെ ആളുകൾ മനസിലാക്കിയിരിക്കുന്നത് വ്യത്യസ്ഥ രീതിയിലാണ്. യാക്കോബിന്റെ ലേഖനത്തിൽ വ്യർത്ഥമായ ഭക്തി [illegible] യുള്ളത് എന്നു കാണിക്കുന്നു. നിങ്ങളിൽ ഒരുവൻ തന്റെ നാവിനു കടിഞ്ഞാണിടാതെ തന്റെ ഹൃദയത്തെ വഞ്ചിച്ചു കൊണ്ട് താൻ ഭക്തൻ എന്നു നിരൂപിച്ചാൽ അവന്റെ ഭക്തി വ്യർത്ഥം അത്രേ. മനസിൽ തോന്നുന്ന തൃപ്തിയിൽ ഒതുങ്ങുന്ന ഒന്നായിരിക്ക

രുത് ഭക്തി. അതിനപ്പുറമായി ചിലതുണ്ട്. സ്വന്ത ഇഷ്ടത്തെ മാനിച്ചുകൊണ്ടു ചെയ്യുന്നതല്ല ഭക്തി. ദൈവ സന്നിധിയിൽ സ്വീകാര്യമായ ഭക്തി എന്താണെന്ന് തിരിച്ചറിയണം. നിഷ്പ്രയോജനമായ ഭക്തിയിൽ നിലനിന്നിട്ടെന്തു കാര്യം? ക്രിസ്ത്യാനിയായി തീർന്ന ഒരാരം മറ്റൊരാളോട് സംസാരിക്കുമ്പോഗം അയാഗം എന്താണ് വെളിപ്പെടുത്തുന്നത്? നാം ദിവസവും ആളുകളുമായി ബന്ധപ്പെട്ടു സംസാരിക്കാറുണ്ട്. അവർക്കു നമ്മുടെ സംസാരത്തിൽ നിന്നു കിട്ടുന്ന ഭക്തി എങ്ങനെയുള്ളതാണ്? ഓരോരുത്തരും സ്വയം ചോദിക്കേണ്ട ചോദ്യമാണിത്.

നമ്മുടെ ജീവിതം ക്രിസ്തുവിന്റെ ജീവിതത്തെയും പ്രവർത്തനങ്ങളെയും ആസ്പദമാക്കിയിട്ടുള്ളതായിരിക്കണം. കാരണം നാം അവനോടു ചേർന്നു അവനെ അനുഗമിക്കുന്നവരാണ്. ക്രിസ്തുവാണ് ശരിയായ വഴി നമുക്ക് കാണിച്ചു തന്നത്. സ്വർഗ്ഗത്തിലേക്കുള്ള ഏക വഴി അവൻ മാത്രമാണ്. നമ്മെ ജീവിപ്പിക്കാൻ ക്രിസ്തുവിനു മാത്രമേ കഴിയു. തന്നിൽ തന്നെ ജീവൻ ഉള്ളതുകൊണ്ട് അവന് അതു കൊടുപ്പാനും തിരിച്ചെടുക്കാനും അധികാരമുണ്ട്. സത്യം മറ്റെങ്ങും ലഭ്യമല്ല; ക്രിസ്തുവിൽ മാത്രമാണ് ദൈവ വചനം ഉള്ളത്. നിത്യജീവന്റെ വചനങ്ങളാണ് അവ (യോഹന്നാൻ 14:6). അവന്റെ ഉപദേശം അനുസരിക്കാതെ ആർക്കും പിതാവിന്റെ അടുക്കൽ പ്രവേശിക്കാവുന്നതല്ല. നമ്മുടെ ഓരോ ദിവസവും ഉള്ള എല്ലാ ഇടപാടുകളിലും നാം ക്രിസ്തുവിനെ മറ്റുള്ളവർക്കു കാണിച്ചു കൊടുക്കണം. ക്രിസ്തു, ദൈവത്തെ ലോകത്തിന് കാണിച്ചു കൊടുത്തു. നാം കർത്താവിനെ ലോകത്തുള്ള മനുഷ്യർക്കു കാണിച്ചു കൊടുക്കണം. ഇല്ലെങ്കിൽ നമ്മുടെ ഈ ലോക ജീവിതംകൊണ്ടർത്ഥമില്ല.

നമ്മുടെ ശരീരത്തിലെ ഏററവും ചെറിയ അവയവമാണ് നാവ്. വളരെ അപകടകാരിയാകും ചിലപ്പോഗം. നാവിനെ നമുക്ക് സ്വയമായി നിയന്ത്രിക്കാൻ സാദ്ധ്യമല്ല.

"കുതിരയെ അധീനമാക്കുവാൻ വായിൽ കടിഞ്ഞാൺ ഇട്ടു അതിന്റെ ശരീരം മുഴുവനും തിരിക്കുന്നുവല്ലൊ. കപ്പലും എത്ര വലിയത് ആയാലും കൊടുങ്കാറ്റടിച്ചു ഓടുന്നതായാലും അമരക്കാരൻ ഏറ്റവും ചെറിയ ചുക്കാൻ കൊണ്ടു തനിക്കു ബോധിച്ച ദിക്കിലേക്കു തിരിക്കുന്നു. അങ്ങനെ തന്നെ നാവും ചെറിയ അവയവം എങ്കിലും വളരെ വമ്പു പറയുന്നു. കുറഞ്ഞ തീ എത്ര വലിയ കാടു കത്തിക്കുന്നു. നാവും ഒരു തീ തന്നേ; അതു നമ്മുടെ അംഗങ്ങളുടെ കൂട്ടത്തിൽ അനീതി ലോകമായി ദേഹത്തെ മുഴുവൻ മലിനമാക്കി ജീവ ചക്രത്തിനു തീ കൊളുത്തുകയും നരകത്താൽ അതിനു തീ പിടിക്കയും ചെയ്യുന്നു. മൃഗം, പക്ഷി, ഇഴജാതി, ജലജന്തു ഈ വകയെല്ലാം മനുഷ്യ ജാതിയോടു മരുങ്ങുന്നു. മരുങ്ങിയുമിരിക്കുന്നു. നാവിനെയോ മനുഷ്യർക്ക് ആർക്കും മരുക്കാവതല്ല. അതു അടങ്ങാത്ത ദോഷം. മരണകരമായ വിഷം നിറഞ്ഞത്. എത്ര വിശദമായിട്ടാണ് യാക്കോബ് നാവിനെ പററി പരാമർശിച്ചിരിക്കുന്നത്. ദൈവ മക്കളായി തീർന്ന ഓരോ വ്യക്തിയും ഈ മുന്നറിയിപ്പ് ഗണ്യമാക്കേണ്ടതാണ്. അശുദ്ധമായ നാവിനെ ഉപയോഗിച്ചാൽ അതിന്റെ ദോഷ ഫലം നാം തന്നെ അനുഭവിക്കണം.

കളിവാക്ക്, പൊട്ടച്ചോൽ, ദുർഭാഷണം എന്നിവക്കുള്ളതല്ല നമ്മുടെ നാവ്. നാവിന്റെ ശരിയായ ഉപയോഗം നാം തിരുവെഴുത്തിൽ നിന്നു തിരിച്ചറിയണം. നന്മക്കു വേണ്ടി ഉപയോഗിക്കാൻ പറഞ്ഞിരിക്കുന്ന അവയവത്തെ നാം തിന്മക്കായി അനുവദിക്കരുത്. ക്രിയാത്മകമായി തീരേണ്ടതു ഒരിക്കലും വശീകരണത്തിനായി തീരരുത്. ദൈവം എന്തുദ്ദേശത്തിനു വേണ്ടി രൂപപ്പെടുത്തിയിരിക്കുന്നുവോ ആ ഉദ്ദേശത്തിനായി മാത്രം ഉപയോഗിക്കുക.

നമ്മുടെ സംസാരം കേൾക്കുന്നവർക്ക് ഏതു രീതിയിലുള്ള പ്രതികരണമാണ് ഉണ്ടാവുക എന്നതാണ് നാം ചി

ന്തിക്കേണ്ടത്. പൌലോസ് എഫേസ്യ ലേഖനത്തിൽ പറഞ്ഞിരിക്കുന്നത്: കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിനു ആവശ്യം പോലെ ആത്മീക വർദ്ധനക്കായി നല്ല വാക്കല്ലാതെ ആകാത്തതു ഒന്നും നിങ്ങളുടെ വായിൽ നിന്നു പുറപ്പെടരുത് (എഫെസ്യർ 4:29). നമ്മുടെ കർത്താവ് ഈ ഭൂമിയിൽ ജീവിച്ചപ്പോൾ അരുതാത്ത യാതൊരു ഭാഷണവും അവനിൽ നിന്നുണ്ടായില്ല. ആ നല്ല മാതൃകയെ പത്രോസ് വിവരിക്കുന്നുണ്ട്. അവൻ പാപം ചെയ്തിട്ടില്ല; അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല. തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ടു ഭീഷണം പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേല്പിക്കയത്രേ ചെയ്തത് (1 പത്രോസ് 2:22, 23). ജീവനെ ആഗ്രഹിക്കയും ശുഭകാലം കാൺമാൻ ഇച്ഛിക്കയും ചെയ്യുന്നവൻ ദോഷം ചെയ്യാതെ തന്റെ നാവിനെയും വ്യാജം പറയാതെ അധരത്തെയും അടക്കിക്കൊള്ളട്ടെ (1 പത്രോസ് 3:10). നമ്മുടെ സംസാരവും പെരുമാറ്റവും സ്വഭാവവും എല്ലാം ക്രിസ്തുവിന്റെ സുവിശേഷത്തിനു യോഗ്യമായ രീതിയിൽ മാത്രം സൂക്ഷിക്കുക (ഫിലിപ്പിയർ 1:27).

ക്രിസ്ത്യാനികൾ മറ്റുള്ളവരോട് ഇടപെടുമ്പോൾ വളരെ ആലോചിക്കേണ്ടതുണ്ട്., ഏറ്റവും നല്ല രീതിയിൽ എങ്ങനെ പെരുമാറാൻ കഴിയുമെന്ന് ചിന്തിച്ച് സംസാരിക്കണം. വീണ്ടും ജനിക്കപ്പെട്ട ഓരോ ദൈവ പൈതലും സൽപ്രവൃത്തികൾക്കായിട്ടത്രേ ജനിപ്പിച്ചിരിക്കുന്നത്, നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവർ ആകുന്നു; നാം ചെയ്തുപോരേണ്ടതിന്നു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു (എഫെസ്യർ 2:10). നാം ആളുകളോടു ഇടപെടുമ്പോൾ നമ്മുടെ വ്യക്തിത്വം പ്രതിബിംബിക്കയാണ് ചെയ്യുന്നത്.

★

# സ്വർഗ്ഗം നഷ്ടപ്പെടുത്താൻ ധൈര്യപ്പെടരുത്!

ജോണി രാംസെ

ഏതു കാര്യത്തിനായാലും ഒരു തയ്യാറെടുപ്പ് ആവശ്യമാണ്. ഉന്നം ലക്ഷ്യമാണ്. ലക്ഷ്യമില്ലാതെ ആരും ഒന്നിനും പ്രവർത്തിക്കയില്ല. സ്വർഗ്ഗം എന്നത് ദൈവത്താൽ തയ്യാറാക്കപ്പെട്ട സ്ഥാനമാണ്. ഒരു പ്രത്യേക തയ്യാറെടുപ്പ് നടത്തിയ ആളുകൾക്കുവേണ്ടി ഒരുക്കിയിട്ടുള്ള പ്രത്യേക സ്ഥലമാണത്. അതു നഷ്ടപ്പെടുത്തുവാൻ അവസരം കണ്ടെത്തുന്നവരുണ്ട്. കാണപ്പെടാത്ത ഒരു സ്ഥലമാണല്ലൊ സ്വർഗ്ഗം. അത്യുന്നതങ്ങളിൽ സുവർണ്ണവും മനോഹരവുമായ ഒരു സങ്കേതപട്ടണം. അവകാശമാക്കുവാൻ കഴിയുന്നവരും കഴിയാത്തവരും ഉണ്ട്. സ്വർഗ്ഗത്തിലേക്കുള്ള കവാടം അവിടെ പ്രവേശിക്കാൻ യോഗ്യതയുള്ളവർക്കു വേണ്ടി തുറന്നു വെച്ചിരിക്കയാണ്. മരണ നദിക്കപ്പുറമാണ് ഈ സ്ഥലം. എല്ലാ കാലത്തേയും വീണ്ടെടുക്കപ്പെട്ടവരുടെ മനോഹരമായ ഒരു കൂട്ടായ്മയാണ് അവിടെ ലഭിക്കുന്നതു. ഈ പ്രത്യാശയാണ് നമ്മെ നല്ല ജീവിതത്തിനു ഉടമകളാക്കി മാററുന്നത്. ഒന്നു സ്വീകരിക്കയും മറേറതു നിഷേധിക്കയുമാണ് ആളുകൾ ചെയ്യുന്നത്. സ്വീകരിക്കുന്നതിനും നിഷേധിക്കുന്നതിനും ധൈര്യം ആവശ്യമാണ്.

വിലയേറിയതും അതിമഹത്തുമായ വാഗ്ദാനങ്ങൾ ദൈവം മനുഷ്യർക്കു വെളിപ്പെടുത്തിയിട്ടുണ്ട്. അവയെല്ലാം നിത്യമായി അവകാശമാക്കുവാൻ എല്ലാവർക്കും സാദ്ധ്യമല്ല. അല്ലെങ്കിൽ എല്ലാവരും അതിനു തയ്യാറാവുന്നില്ല. നേടുന്നതിനെ ആളുകൾക്കു ബാഹ്യ കണ്ണുകൾ കൊണ്ടു കാണാൻ കഴിയുന്നു. പക്ഷെ വിശ്വാസക്കണ്ണിലൂടെ കാണുവാൻ കഴിയുന്നതായ വലിയ സ്ഥാനം അവർ നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇപ്പോൾ അവർ അതിനെ കു

റിച്ച് വിഷമിക്കയില്ല. പക്ഷെ പിന്നീട് അതിൻെറ ഫലം അവർ മനസിലാക്കി കഴിയുമ്പോഠം അവർക്കു അതിനു വേണ്ടി ഒന്നും ചെയ്യാൻ പററുകയില്ല. വിശ്രമം ശരിയായി ആസ്വദിക്കാൻ കഴിയുന്നതു ദൈവ കരങ്ങളിലാണ്. ആശ്വാസം ലഭിക്കുന്നതു മറെറങ്ങുമല്ല. ദുഃഖവും ദുരിതവും വേദനയും ആർക്കാണ് സഹിക്കാൻ പററുക? പക്ഷെ ഒരു കൂട്ടർ ഇതു സ്വയം വിളിച്ചു വരുത്തുന്നു. നമ്മുടെ പ്രയത്നങ്ങളിൽ നിന്നുള്ള വിശ്രമം ആവശ്യമാണ്. ഈ ലോക ജീവിതത്തിലെ ക്ലേശങ്ങളിൽ നിന്നും ഒരു മോചനം ആഗ്രഹിക്കുന്നവർ അത് കണ്ടെത്തും.

ഇപ്പോഠം നമ്മുടെ ശരീരത്തിനും മനസിനും ഉണർന്നു പ്രവർത്തിപ്പാൻ കഴിവുള്ളവർ തങ്ങളുടെ ആത്മാക്കഠംക്കു വേണ്ടി കരുതണം. ദൈവ വചനത്തിലുള്ള പ്രബോധനം കേട്ടു കൊഠംക. ''ആകയാൽ നിങ്ങളുടെ മനസു ഉറപ്പിച്ചു നിർമ്മദരായി യേശുക്രിസ്തുവിൻെറ പ്രത്യക്ഷതയിൽ നിങ്ങഠംക്കു വരുവാനുള്ള കൃപയിൽ പൂർണ്ണ പ്രത്യാശ വെച്ചു കൊഠംവിൻ (1പത്രൊസ് 1:13). ക്രിസ്തുവിൽ ആയി തീർന്നവരുടെ പൗരത്വം സ്വർഗ്ഗത്തിൽ ആകകൊണ്ടു അവരുടെ ആത്മാക്കഠംക്കുള്ള നങ്കൂരമായിട്ടാണ് ഒരു പ്രത്യാശ നല്കിയിരിക്കുന്നത് (എബ്രായർ 11:16). സങ്കീർത്തനക്കാരൻെറ പ്രാർത്ഥന ശ്രദ്ധിക്കുക: നിൻെറ ആലോചനയാൽ നീ എന്നെ നടത്തും പിന്നത്തേതിൽ മഹത്വത്തിലേക്കു എന്നെ കൈക്കൊള്ളും. സ്വർഗ്ഗത്തിൽ എനിക്കു ആരുള്ളു? ഭൂമിയിലും നിന്നെയല്ലാതെ ഞാൻ ഒന്നും ആഗ്രഹിക്കുന്നില്ല എൻെറ മാംസവും ഹൃദയവും ക്ഷയിച്ചു പോകുന്നു. ദൈവം എന്നേക്കും എൻെറ പാറയും ഓഹരിയും ആകുന്നു (സങ്കീർത്തനങ്ങഠം 73:24-26). സ്വർഗ്ഗത്തിൽ ദുർജ്ജനത്തിൻെറ ഉപദ്രവം ഏല്ക്കാതിരിക്കുന്നു. അവിടെ ക്ഷീണിച്ചു പോയവർ വിശ്രമിക്കുന്നു (ഇയ്യോബ് 3:17). തീർച്ചയായും നാം അവിടെ എത്തുവാൻ തീരുമാനമെടുക്കണം. പിൻ വരുന്ന മഹിമയും തുടർന്നു കിട്ടുന്ന

ആനന്ദവും നഷ്ടപ്പെടുത്താൻ തുനിയരുത്.

സ്വർഗ്ഗം നഷ്ടപ്പെടുത്തുന്ന പല ഘടകങ്ങൾ ഉണ്ട്. ലൗകികമായ കാഴ്ച്ചപ്പാട് ഭൂരിഭാഗം പേരെയും അതിൽ നിന്നും അകററുന്നു. പർവ്വതം ഉടച്ച് നിരത്തുവാൻ മനുഷ്യർക്കു സമയമുണ്ട്. മാനുഷ്യ പുസ്തകങ്ങളെ വായിക്കുവാനും അതിലെ അറിവു നേടുവാനും ഗവേഷണം നടത്തുവാനും അവർക്കു സമയമുണ്ട്. അനേക സാഹസ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ ധീരത കാണിക്കുന്നവരുമുണ്ട്. പക്ഷെ ദൈവിക പരിജ്ഞാനം സമ്പാദിക്കാൻ അവർക്കു സമയമില്ല. ആത്മാവ് എന്താണെന്നു പോലും അവർക്കു അറിഞ്ഞു കൂടാ. വരുവാനുള്ള ന്യായവിധി അവർ എങ്ങനെ നേരിടും? ഇപ്പോൾ അവർ ഉപയോഗിക്കുന്ന സമയം, ഉപയോഗിക്കാൻ പററാത്ത ഒരു സ്ഥിതി ഉണ്ടാകും എന്നു അവർ ചിന്തിക്കുന്നില്ല. നീതിയെ കുറിച്ചും ന്യായത്തെ കുറിച്ചും ധീരമായി സംസാരിക്കുന്നവർ ഉണ്ട്. എന്നാൽ ദൈവത്തിൻെറ ന്യായവും നീതിയും അവർ ഉപേക്ഷിച്ചിരിക്കുന്നു. തിരുവെഴുത്തുകളിൽ മുന്നറിയിച്ചിരിക്കുന്ന വാക്കുകളെ അവർ ഗണ്യമാക്കുന്നില്ല. ഈ ലോകത്തിൽ നമുക്കു നേടുവാൻ പലതുണ്ട്. നഷ്ടപ്പെടുത്തുവാനും പലതുണ്ട്. ഒരു മനുഷ്യൻ സർവ്വ ലോകവും നേടിയിട്ടും തൻെറ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവനു എന്തു പ്രയോജനം? എന്തിനാണ് നാം മുൻതൂക്കം കൊടുത്തിരിക്കുന്നത്? ലൗകിക കാര്യങ്ങൾക്കാണോ? അതോ ആത്മിക കാര്യങ്ങൾക്കാണോ? ലൗകികം തിരഞ്ഞെടുത്താൽ സ്വർഗ്ഗീയമായതു നഷ്ടമാകും. സ്വർഗ്ഗീയമായതു തിരഞ്ഞെടുക്കുമ്പോൾ ലൗകികമായതു നഷ്ടമാകും.

നമ്മെത്തന്നെ തികവുള്ളവരും സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ യോഗ്യതയുള്ളവരും ആക്കേണ്ടതിനു ദൈവം തൻെറ അരുളപ്പാടുകൾ തന്നിരിക്കുന്നു. അങ്ങനെ നമ്മുടെ പേർ

സ്വർഗ്ഗത്തിൽ എഴുതിയിരിക്കണം. മരിക്കുന്നതിനു മുൻപു തന്നെ അതിനു നാം തയ്യാറായില്ലെങ്കിൽ വിഷമിക്കേണ്ടി വരും (എബ്രായർ 12_ാം അദ്ധ്യായം). ആ ലക്ഷ്യം കൈവരിക്കണമെങ്കിൽ ദുഷ്ടത കൈവെടിയണം. ഓരോ ദിവസവും നീതിയിലെ അഭ്യാസത്തിൽ വളർന്നു ആത്മീയ പക്വത നേടിയെടുത്താൽ മാത്രമെ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയുള്ളു. നിത്യവും ദൈവവുമായി കഴിയുവാനുള്ള അവസരമാണവിടെയുള്ളത് (2പത്രോസ് 1:11). നമ്മുടെ ജീവിതാവസാനം എവിടെ എത്തിച്ചേരുമെന്നു നാം തെളിയിക്കുന്നു. സ്വാർത്ഥമയെതും വിട്ടുവീഴ്ച്ചയുള്ളതുമായ വഴി വിട്ടു കളഞ്ഞു ക്രിസ്തീയ വഴിയിലെ വെല്ലുവിളികളെ അതിജീവിക്കാൻ നമുക്ക് ധൈര്യം വേണം. ഭീരുക്കളെ ഭയന്നു പോകും. എന്തിനും കീഴ്പ്പെടും. എന്നാൽ സത്യത്തെ പിൻപറ്റുന്നതിൽ യാതൊരു വിട്ടുവീഴ്ച്ചയും കാണിക്കാതിരിക്കാൻ നല്ല ധൈര്യം വേണം. നാശത്തിലേക്കു പോകുന്ന വഴി വീതിയുള്ളതാണ്. നിത്യജീവങ്കലേക്കു പോകുന്ന വഴി ഇടുക്കവും ഞെരുക്കവും ഉള്ളതാണ്.

കർത്താവിൽ വിശ്വസ്ഥ ജീവിതം നയിക്കുവാൻ, നീതിക്കു വേണ്ടി ഉപദ്രവം സഹിക്കുവാൻ നമുക്കു കഴിയണം. നാം അവനോടുകൂടെ മരിച്ചു എങ്കിൽ കൂടെ ജീവിക്കും, സഹിക്കുന്നു എങ്കിൽ കൂടെ വാഴും (2തിമൊഥെയോസ് 2:11). ഉറപ്പുള്ളവരും കുലുങ്ങാത്തവരുമായി വിശുദ്ധ ജീവിതം നയിച്ചാൽ ദൈവം പ്രതിഫലം തരാതിരിക്കയില്ല (1കൊരിന്ത്യർ 5:18). ഭീരുക്കളും അറെക്കപ്പെട്ടവരും കർത്താവിന്റെ സന്നിധി വിട്ടു അകന്നു നിത്യനാശത്തിനിരയായി തീരും (യോഹന്നാൻ 8:21-24). ആത്മാവിനെ നിത്യ നാശത്തിലേക്കു തള്ളി വിടുന്നവർ ജനിക്കാതിരുന്നെങ്കിൽ അവർക്കു എത്ര നന്നായിരുന്നു (മർക്കൊസ് 14:21).

★

# ഫലപ്രദമായ ബൈബിൾ പഠനത്തിനുള്ള അടിസ്ഥാന നിയമങ്ങൾ

ശൈ· എൻ വുഡ്സ്

സത്യവേദ പുസ്തകം വായിക്കുന്നവർ ധാരാളമുണ്ട്. ഒരു ചടങ്ങിനു വേണ്ടി വായിക്കുന്നവരും മനസ്സിലാക്കണമെന്ന ജിജ്ഞാസയോടെ വായിക്കുന്നവരുമുണ്ട്. ഏതു പഠനത്തിനും ചില വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്. ഇല്ലെങ്കിൽ പഠനം വിജയിക്കുകയില്ല. വായനയും പഠനവും തമ്മിൽ നാം തരം തിരിച്ച് മനസ്സിലാക്കിയാൽ വളരെ വ്യത്യാസം രണ്ടും തമ്മിൽ ഉണ്ടെന്നു കാണാം. വായന കൂടാതെ ശരിയായ പഠനം സാദ്ധ്യമല്ല എന്നതു വാസ്തവമാണ്. എന്നാൽ ഒരാൾക്ക് പഠിക്കാതെ വായിക്കാൻ കഴിയും എന്നതു പരമാർത്ഥം മാത്രം. വായിക്കുന്ന ഭാഗങ്ങളിൽ ശ്രദ്ധ കൊടുക്കാതെ തന്നെ വായിച്ചു എന്നു കാണിക്കാം. ഖേദകരമെന്നു പറയട്ടെ, ഇത്തരം ആളുകളാണ് ഭൂരിഭാഗവും. പഴയ നിയമമായാലും പുതിയ നിയമമായാലും അതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ എന്താണെന്ന് മനസ്സിലാക്കാതെയിരുന്നാൽ ആ വായനകൊണ്ടു എന്തു പ്രയോജനം? പുതിയ നിയമം ആകുന്ന ക്രിസ്തുവിന്റെ വചനങ്ങൾ ധ്യാനത്തോടെ വായിക്കയും ഗ്രഹിക്കയും ചെയ്താൽ എന്താണ് ഫലം ലഭിക്കുന്നത്? വായന അറിവിലേക്കും അത് ദൈവിക പരിജ്ഞാനത്തിലേക്കും നയിക്കണം. നമുക്ക് അജ്ഞാതമായിരിക്കുന്ന പല കാര്യങ്ങൾ ഉണ്ട്.

## നിഷ്പ്രയോജന വായന

അക്ഷരാഭ്യാസത്തിനു മുൻഗണന കൊടുത്തു വരുന്ന കാലമാണ് ഇത്. എല്ലാവരും എഴുതുവാനും വായിക്കു

വർന്നും കഴിവുള്ളവർ ആകണം എന്ന ഉദ്ദേശമാണ് ഇതിൻെറ പിന്നിൽ ഉള്ളത്. അത് ദൈവിക സത്യങ്ങൾ ആളുകൾ വായിച്ചറിയുവാൻ സഹായകരമാണ്. പക്ഷെ പാരമ്പര്യമായി വേദപുസ്തകം വായിക്കുന്ന ശീലമുള്ളവർ സാധാരണ ഒരു ദിനചര്യപോലെ ചെയ്തു വരുന്നു. പരമ്പരാഗതമായി കിട്ടിയ ആചാരമെന്ന വണ്ണം വായനയെ കാണുന്നവർ അതിൻെറ ഉദ്ദേശത്തെ മാററുകയാണ്. കണ്ണുകൾ അക്ഷരത്തിൽ നില നിർത്തി വായ്കൊണ്ട് അക്ഷരങ്ങൾ ഉരുവിടുന്നതു പ്രയോജനപ്പെടുകയില്ല. വായിച്ചു കഴിഞ്ഞ ഭാഗത്തെ കുറിച്ച് അവരോടു ചോദിച്ചാൽ അവർക്കൊന്നും പറയാൻ പററുകയില്ല. മനസിരുത്തി വായിച്ചാലേ ഹൃദയത്തിൽ പതിയുകയുള്ളു. അല്ലെങ്കിൽ വെറുതെ സമയം കളഞ്ഞിട്ടു ഫലമില്ല. ചിലർ കുട്ടികളെ ഭയപ്പെടുത്തി വായിപ്പിക്കാറുണ്ട്. വേറെ ചിലർ പറയുന്നത് ബൈബിൾ വായിക്കാതെ കിടന്നാൽ ദുഃസ്വപ്നം കാണും. അപ്പോൾ അവരുടെ വായന സ്വപ്നങ്ങളെ തടയുന്നതിനാണ്. ഇങ്ങനെയുള്ള തെററായ ധാരണകൾ ബൈബിൾ വായനയെ സംബന്ധിച്ച് വെച്ചു പുലർത്തുന്നുണ്ട്.

നിങ്ങൾ വേദ പുസ്തക വായനയെ എങ്ങനെ മനസിലാക്കിയിരിക്കുന്നു? നിങ്ങൾ വായിക്കുന്നതു ഗ്രഹിക്കാറുണ്ടോ? അല്ലെങ്കിൽ ഒരു ഉദ്ദേശം മനസിൽ കരുതി വായിക്കാറുണ്ടോ? ആത്മിക വർദ്ധനവിനു ഉതകുന്ന വായനയാണ് നിങ്ങൾ തുടരേണ്ടത്? അങ്ങനെയായാൽ നിങ്ങളുടെ വായന ഉപകാരപ്രദമാകും. നിഷ്പ്രയോജനമായ യാതൊന്നിനും നിങ്ങൾ സമയം ചെലവിടരുത്.

ചിലർ വായിക്കുന്നതു മനസിലാക്കാൻ വേണ്ടിയാണ്. അതിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾ വ്യക്തമായി അവർ വെളിപ്പെടുത്തും. പക്ഷെ കുറെനാൾ കഴിഞ്ഞ് അവരോട് ആ വേദ ഭാഗത്തെ കുറിച്ച് ചോദിച്ചാൽ അവർക്കു ഓർമ്മിക്കാൻ കഴിയാതെ വരുന്നു. അവർക്കു മറവി

യാണ് പ്രശ്നം. അപ്പോൾ അവർ വായിച്ചതും ഗ്രഹിച്ചതും വെറുതെയായി പോകുന്നു. അവർക്കു തങ്ങൾ മനസിലാക്കിയ കാര്യങ്ങൾ പ്രായോഗികമാക്കുന്നില്ല എന്നതാണ് പ്രശ്നം, അവർ മനസിലാക്കിയ സത്യം അനുസരിക്കയും അത് മററുള്ളവരോട് അറിയിച്ചു കൊണ്ടിരിക്കയും വേണം. അല്ലെങ്കിൽ മറന്നു പോകും. വായിച്ചതു കൊണ്ടോ മനസിലാക്കിയതു കൊണ്ടോ ഫലമില്ലാതാകുന്നു. നമ്മുടെ വായന പഠിത്തത്തിലേക്കു നയിക്കണമെന്ന ഉദ്ദേശം ഉള്ളിൽ ഉണ്ടാകണം.

മററു ഗ്രന്ഥങ്ങളിൽ നിന്നും വ്യത്യസ്ഥമായ രീതിയിൽ വേണം നാം സത്യ വേദ പുസ്തകം കണക്കിലെടുക്കുവാൻ. മനുഷ്യർക്കു ദൈവം നല്കിയതാണിത്. ഉയർന്ന നിലവാരത്തിലെത്തുവാനാണ് ഇതൊരുക്കിയത്. ഈ പുസ്തകത്തിലെ പ്രതിപാദ്യങ്ങൾ എല്ലാം സത്യമാണ്. നമ്മുടെ ഭൗമിക ജീവിതത്തിൽ അനർത്ഥമാകത്തക്കവണ്ണം ആണ് അതിൻെറ ഘടന. അതിനു ഒരിക്കലും മററം വരുത്തേണ്ട കാര്യമില്ല. ഭൂമിയും മനുഷ്യരും ഉള്ള കാലത്തോളം ഈ വചനം അത്യന്താപേക്ഷിതമാണ്. നാം പറയേണ്ടതും ചെയ്യേണ്ടതും വ്യക്തമാക്കിയിരിക്കുന്നു. ഇതിലെ നിയമങ്ങൾ നാം പാലിച്ചാൽ ജീവിതം ശരിയായി നയിക്കാം. അല്ലെങ്കിൽ പ്രതിസന്ധികൾ ഉടലെടുക്കും. അപ്പോൾ തിരുവെഴുത്തുകൾ നാം വെറുതെ വായിച്ചു തള്ളുവാനുള്ളതല്ല. ശരിയായ അറിവു കിട്ടുവാൻ ബൈബിൾ വായന കൂടിയേ തീരു. അതൊരിക്കലും നാം മറക്കരുത്.

ബൈബിൾ വായന കൃത്യമായ ഒരു പരിശീലനം ആക്കുക. രണ്ടു വർഷത്തിൽ നമുക്ക് 102 ആഴ്ചകൾ ഏകദേശം കിട്ടുമല്ലൊ. പുതിയ നിയമ പുസ്തകങ്ങളിലെ പകുതിയോളം ഭാഗം അപ്പൊസ്തലനായ പൌലൊസ് എഴുതിയതാണ്. ജാതികളുടെ അപ്പൊസ്തലൻ എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. ഒരു ദിവസം ചുരുങ്ങിയ

തു പതിനഞ്ചു മിനിററ് നിങ്ങൾക്കു ഇതിനായി നീക്കി വെക്കാമോ? എങ്കിൽ ധ്യാനത്തോടും പ്രാർത്ഥനയോടും ശ്രദ്ധാപൂർവ്വം വായിക്കാൻ ആരംഭിക്കുക. വലിയ പാണ്ഡിത്യം ഇതിനു ആവശ്യമില്ല. ഒരാഴ്ച്ചകൊണ്ടു ഒരു അദ്ധ്യായം നിങ്ങൾക്കു പഠിക്കാൻ കഴിഞ്ഞാൽ ഈ രണ്ടു വർഷം കൊണ്ടു പുതിയ നിയമത്തിലെ പകുതി ഭാഗവും പഠിച്ച് തീർക്കുവാൻ കഴിയും. പിന്നെയും രണ്ടു വർഷം കൂടെ ഇങ്ങനെ ശരിയായി ഉപയോഗിച്ചാൽ നിങ്ങൾക്കു പുതിയ നിയമ പഠനം പൂർത്തിയാക്കാം. ഇനി കുറച്ചു കൂടെ കാലദൈർഘ്യം വേണമെന്നുള്ളവർ അഞ്ചു വർഷമെടുത്താലും കുഴപ്പമില്ല. പുതിയ നിയമത്തിലെ വാക്യങ്ങൾ മുഴുവനും സുപരിചിതമാക്കാം. ഇതിനെല്ലാം താല്പര്യമുള്ള ഒരു മനസ്സുണ്ടായിരിക്കണം. എങ്കിലേ നടപ്പിൽ വരുത്താൻ പററു.

## ഫലപ്രദമായ വായന

പലരിലും വായനയുടെ പൂർണ്ണഫലം കിട്ടാതിരിക്കുന്നതിൻെറ കാരണം മനസിലാക്കിയാൽ അതു ഫലപ്രദമാക്കാൻ എളുപ്പമാണ്. ആദ്യമായി വായിക്കുന്ന വേദ ഭാഗത്തിൽ പറഞ്ഞിരിക്കുന്ന മുഖ്യ വിഷയം എന്തെന്നു മനസിലാക്കുക. ആ ഭാഗത്തിൻെറ മുൻപു പറഞ്ഞിട്ടുള്ളതും പരിശോധിക്കണം. എങ്കിൽ മാത്രമെ സന്ദർഭം എന്താണെന്ന് മനസിലാകയുള്ളു പിന്നീട് ആരാണ് അവിടെ പറയുന്ന വ്യക്തി എന്നു നോക്കണം. ദൈവമാണോ അതോ പിശാചാണോ അല്ലെങ്കിൽ മനുഷ്യർ പറഞ്ഞിരിക്കുന്നതാണോ എന്നു തിരിച്ചറിയണം. അടുത്തതായി ആരോടാണ് പ്രസ്താവിച്ചിരിക്കുന്നതു എന്നതും പ്രാധാന്യമുള്ള കാര്യമാണ്. എപ്പോൾ പറഞ്ഞ കാര്യമാണ് എന്നതും പ്രസക്തമത്രെ. തുടർന്നു പ്രായോഗികമായി അത് നമ്മെ ബാധിക്കുന്നതാണോ എന്നും കണക്കിലെടുക്കണം.

★

# നല്ല ധൈര്യം ഉള്ളവരാകുക

## അലെൻ വെബ്സ്റ്റർ

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

യേശുവിന്റെ ശിഷ്യന്മാർ പ്രാരംഭഘട്ടത്തിൽ കാററും ഓളവും കണ്ടു ഭയപ്പെടുകയുണ്ടായി (മത്തായി 8:26). യേശു കടലിന്മേൽ നടക്കുന്നതു കണ്ടു ശിഷ്യന്മാർ ഭ്രമിച്ചു (മത്തായി 14:26). ഒരു താലന്തു മാത്രം ലഭിച്ചവൻ അതു ഒളിച്ചു വെച്ചതു ഭയം നിമിത്തമത്രേ (മത്തായി 25:25). യേശുവിനെ അടക്കിയ കല്ലറ കാത്തുകൊണ്ടിരുന്ന കാവല്ക്കാർ അവനെ കണ്ടു പേടിച്ചു മരിച്ചവരെ പോലെയായി (മത്തായി 28:4). യഹൂദന്മാരെ ഭയപ്പെട്ടിരുന്നതായ നിക്കൊദെമോസ് രാത്രിയിലാണ് യേശുവിന്റെ അടുക്കൽ വന്നിരുന്നതു (യോഹന്നാൻ 3:1). അരിമത്യയിലെ യോസേഫും യെഹൂദന്മാരെ പേടിച്ചു രഹസ്യത്തിൽ അവന്റെ ശിഷ്യനായിരുന്നു (യോഹന്നാൻ 19:38). പത്രൊസും യേശുവിനെ പിടിച്ചു കൊല്ലുവാൻ കൊണ്ടുപോയപ്പോൾ ഭയപ്പെട്ടു (ലൂക്കൊസ് 22:54).

വചന വിരുദ്ധമായി ദൈവത്തെ ആരാധിക്കുന്ന സഭകളുമായി നമുക്കു ആത്മീയ കൂട്ടായ്മ ആകാമെന്നു ബൈബിളിൽ എവിടെയെങ്കിലും പറയുന്നുണ്ടോ? ഒരിടത്തുമില്ല. അവർ തെററിലാണെന്നു പറയുമ്പോൾ ആരാണ് ശരി ആരാണ് തെററ് എന്നു ആർക്കു പറയാൻ കഴിയും എന്നു ചോദിച്ചേക്കാം. നാം ന്യായ കർത്താവല്ല എന്നതു വാസ്തവമാണ്. അതേ സമയം ബൈബിളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ നമുക്ക് തീർച്ചയുണ്ടല്ലോ. രക്ഷ, സഭ, ആരാധന എന്നിവയെ കുറിച്ച് കർത്താവ് പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ നമുക്കറിയാം (മർക്കൊസ് 16:16, മത്തായി 16;18; യോഹന്നാൻ 4:24). ഈ വചനങ്ങൾ അനുസരിക്കയോ പഠിപ്പിക്കയോ ചെയ്യാതെ മററു

ആചാരങ്ങൾ സ്വീകരിച്ചിരിക്കുന്നവരുമായി കൂട്ടായ്മ അരുത്. കാരണം എന്താണ്? അവർ കർത്താവിന്റെ ഉപദേശത്തിൽ നിലനില്ക്കാത്തവർ (2 യോഹന്നാൻ 9:10). കർത്താവിന്റെ ഉപദേശത്തെ കൈക്കൊള്ളാത്തവർ കർത്താവിനു മഹത്വം കൊടുക്കാത്തവരാണ്.

വചനത്തോടു കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യരുത് എന്നു പറഞ്ഞിട്ടും ആളുകൾ അതു ചെയ്യുന്നുണ്ട്. ദൈവത്തെ ആരാധിക്കുന്ന രീതിയിൽപോലും മാലിന്യം കലർത്തിയിരിക്കുന്നവർ ഉണ്ട്. യന്ത്രോപകരണങ്ങൾ ഉപയോഗിച്ച് പാട്ടു പാടി ആരാധിക്കുന്നവർ എന്തധികാരത്തിലാണ് അതു ചെയ്യുന്നത്? പുതിയ നിയമത്തിൽ എവിടെയെങ്കിലും പറഞ്ഞിട്ടുണ്ടോ? എങ്കിലും അവർ അതിനെ ന്യായീകരിക്കയാണ് ചെയ്യുന്നത്. കർത്താവിന്റെ ഇഷ്ടത്തെ മാനിക്കാതിരിക്കുന്നത് തെറ്റാണെന്ന് അവർ തിരിച്ചറിയുന്നില്ല. അധര ഫലമാണ് ദൈവത്തിനിഷ്ടം; ഹൃദയത്തിൽ നിന്നു പുറപ്പെടുന്ന ശബ്ദമാണ് പാട്ടുകളായി നാം പാടേണ്ടത് (എഫെസ്യർ 5:19; എബ്രായർ 13:15). മററുള്ളവർ ചെയ്യുന്നുണ്ടല്ലോ, പഴയ നിയമത്തിൽ ഉപയോഗിച്ചിട്ടുണ്ടല്ലോ, പാട്ടിനു ഇമ്പം പകരുന്നതിനാണ് എന്നു തുടങ്ങിയ അനേക ന്യായവാദങ്ങൾ നിങ്ങൾ പറയുമായിരിക്കാം. അന്തിമാധികാരം കർത്താവിന്റെ ഉപദേശങ്ങൾ ആകുന്ന പുതിയ നിയമത്തിനാണ്. അത് ആരും മറക്കരുത്.

സ്ത്രീകൾക്കു സഭയിൽ പ്രസംഗിക്കാമെന്നോ, പ്രാർത്ഥനയോ പാട്ടോ നയിക്കാമെന്നോ പുതിയ നിയമത്തിൽ എവിടെയെങ്കിലും സൂചിപ്പിച്ചിട്ടുണ്ടോ? പക്ഷേ സ്ത്രീകളെ അവഗണിക്കുകയല്ലേ എന്നു നിങ്ങൾ ചോദിച്ചേക്കാം. ഒരിക്കലുമല്ല. സ്ത്രീകൾക്കു അവരുടെ കഴിവുകൾ പ്രകടിപ്പിക്കാവുന്ന വിവിധ രംഗങ്ങൾ വചനത്തിൽ പറയുന്നുണ്ട്. ദൈവം കല്പിക്കുന്നതിനെ മാററുവാൻ നമുക്ക് അധികാരമില്ല. അങ്ങനെ ചെയ്താൽ അത് പല തരം കുഴപ്പങ്ങൾക്കു കാരണമാകും. തീരുമാനം എപ്പോഴും

കർത്താവിൻേറതായിരിക്കണം. അവനിൽ നിന്നും വെളിപ്പെടുത്തപ്പെട്ട സന്ദേശത്തിൽ നാം തൃപ്തരാകണം. എങ്കിലേ നമുക്കു ദൈവത്തെ പ്രസാദിപ്പിക്കാൻ പററു. ദൈവം വിലക്കിയിരിക്കുന്ന കാര്യങ്ങൾ ലംഘിക്കുവാൻ നാം എന്തുകൊണ്ട് തുനിയുന്നു? സ്ത്രീയുടേയും പുരുഷൻേറയും ഉത്തരവാദിത്വങ്ങളിൽ ദൈവം വ്യത്യാസം വരുത്തിയിട്ടുണ്ട്. കർത്താവിൻെറ ആലോചനയെയും തീരുമാനത്തെയും ചോദ്യം ചെയ്യുവാൻ നമുക്ക് എന്തു യോഗ്യതയാണുള്ളത്? കർത്താവ് ചെയ്യുവാൻ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ചെയ്യുവാൻ നമുക്ക് മനസ്സുണ്ടെങ്കിൽ അവ മാത്രമാണ് നാം ചെയ്യേണ്ടത്.

ഏതു കാര്യത്തെ സംബന്ധിച്ചും മനുഷ്യർ ചെയ്യുന്നോ ഇല്ലയോ എന്നതല്ല കാര്യം അതിനുള്ള അധികാരം എവിടെ നിന്നു കിട്ടി എന്നതാണ് പ്രാധാന്യം. ഇന്ന് എല്ലാ ശക്തിയും അധികാരവും യേശുക്രിസ്തുവിനാണുള്ളത് (മത്തായി 28:18). നാം എന്തു ചെയ്യണമെന്നും എന്തു ചെയ്യരുതെന്നും പറയുവാനുള്ള അധികാരം കർത്താവിനാണ്. അതു തൻെറ വചനത്തിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. നാം ദൈവ വചനത്തെ ആദരിക്കുന്നുവെങ്കിൽ, ആ ഉപദേശത്തിൽ നിലനില്ക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അതിനപ്പുറമായി നമം ചിന്തിക്കുന്ന പ്രശ്നം ഉദിക്കില്ല. മത ഭ്രാന്തില്ലാതെ, വിശാലമായ വഴിയിൽ സഞ്ചരിക്കാതെ കർത്താവ് നമ്മിൽ നിന്നു ആഗ്രഹിക്കുന്നതുപോലെ നമുക്ക് ജീവിക്കാൻ കഴിയും. അതിൽ എന്താണ് തെററ്. ദൈവേഷ്ടത്തിനു കീഴ്പ്പെടുവാൻ എല്ലാവരും തയ്യാറാവണം. അല്ലെങ്കിൽ ജീവിതം ആത്മികമായി പരാജയപ്പെടും. ദൈവത്തിൽ നിന്നും അനുഗ്രഹങ്ങൾ കിട്ടുവാൻ എല്ലാവരും ആഗ്രഹിക്കുന്നുണ്ട്.

★

# ദൈവത്തിൽ നിന്നുള്ള പൂർണ്ണ വെളിപ്പാട്

ഗ്യാരി സി ഹാമ്ടൺ

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ആളുകൾ സത്യത്തിനു ചെവി കൊടുക്കാതെ കെട്ടുകഥകൾക്കു ചെവി കൊടുക്കുന്ന കാലം വരും എന്നു പറഞ്ഞിരിക്കുന്നു. സുവിശേഷകൻ കിട്ടിയിരിക്കുന്ന വെളിപ്പാടിൽ തന്നെ ഉറച്ചു നില്ക്കണം (2 തിമൊഥെയോസ് 4:1-5)

ദൈവത്തിന്റെ സകല സമ്പൂർണ്ണതയും ക്രിസ്തുവിൽ വസിക്കുന്നു. അവന്റെ ഉപദേശം കൈക്കൊണ്ടു അവനിൽ ആയി തീരുന്നവർ പരിപൂർണ്ണരായി തീരുന്നു എന്നതു നമ്മെ സംബന്ധിച്ച് മതിയായ ഒന്നാണ്. അതുകൊണ്ട് വേറൊരാളിലേക്കോ വേറൊരു വെളിപ്പാടിലേക്കോ നാം തിരിയേണ്ട ആവശ്യമില്ല. എല്ലാ അധികാരത്തിനും വാഴ്ചക്കും തലയായ ക്രിസ്തുവിൽ നമുക്കു പൂർണ്ണത ലഭിക്കുമെങ്കിൽ മററാരിലും അതു ലഭ്യമല്ല. കാരണം അവൻ മാത്രമാണ് ജീവനുള്ള യാഗമായി പാപത്തിന്റെ ശിക്ഷ ദൂരീകരിച്ചത്. അവൻ ലോകത്തിനു നല്കിയ ദൂതാണ് തികവുള്ളത്. ദൈവികതത്വത്തിലും ആത്മീക അധികാരത്തിലും ഒരു കുറവുമില്ലാത്തവനായിരുന്നു ക്രിസ്തു. അതുകൊണ്ട് അവന്റെ നിയമത്തിലും യാതൊരു ന്യൂനതയും ഇല്ല. കുറവില്ലാത്ത സുവിശേഷ സത്യത്തെയാണ് ഇന്നും മനുഷ്യർക്കായി അവൻ നിലനിർത്തിയിരിക്കുന്നത്. മാത്രമല്ല, തനിക്കു ശേഷം മറെറാരാൾ വരുമെന്നോ ദൂത് ലഭിക്കുമെന്നോ കർത്താവ് ഒരിക്കലും പ്രവചിച്ചിട്ടില്ല.

(ശേഷം അടുത്ത ലക്കത്തിൽ)

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggi Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 8.45 to 9.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2.00 to 2.15 P.M.
Tuesdays — 2.00 to 2.15 P.M.
Thursdays — 2.00 to 2.15 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Thursdays — 6.45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Fridays — 3.45 to 4.00 p.m.

**KANNADA**—The Voice of Truth—Speaker : Robert Rathnakar—Box. 448, Bangalore—560004
Sundays — 1.45 to 2.00 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm. Printed at Joshah Printers for Santhosh Printers Trivandrum

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

# സുവിശേഷ യോഗങ്ങൾ

## നിങ്ങളുടെ പ്രശ്നങ്ങൾക്കു ദൈവിക പരിഹാരം

കേൾക്കുക : സഹോ: പി. കെ. വർഗീസ്
(സിലോൺ റേഡിയോ പ്രഭാഷകൻ)

SPEAKER : Bro. P. K. VARGHESE

തീയതി : 1998 മാർച്ച് 27, 28, 29, (വെള്ളി ശനി, ഞായർ)

സമയം : വൈകുന്നേരം 7 മണിക്ക്

സ്ഥലം : പേരടുക്ക, ന്യൂജിബാൽത്തില

ഏവർക്കും സ്വാഗതം

From
THE BIBLE TRUTH
Church of Christ
Behind Sanskrit College
Thiruvananthapuram-695 034
Phone : 443378

To